II. തിരുത്ത്

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, 11-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിൽ 6-7-2005-ൽ മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 271-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിൽ പിശക് കടന്നുകൂടിയിരിക്കുന്നു. ആയതിന്റെ തിരുത്തിയ ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ. ബിനോയ് വിശ്വം: നിയമസഭയുടെ ചോദ്യോത്തരവേള വളരെ പ്രധാനപ്പെട്ടതാണ്. സ്ഥിരമായി ചോദ്യത്തിന്റെ ഉത്തരം തരുമ്പോൾ തിരുത്തലുകൾ, വീണ്ടും തിരുത്തലുകൾ, ഇങ്ങനെ വന്നാൽ ചോദ്യോത്തരവേളയുടെ അർത്ഥംതന്നെ മാറിപ്പോകില്ലേ? ഉത്തരവാദിത്വത്തോടുകൂടി ചെയ്യേണ്ട ഒരു കാര്യമാണ് ഇതെന്ന് അങ്ങ് ഗവൺമെന്റിനോട് ആവശ്യപ്പെടണം. ഇക്കാര്യത്തിൽ റൂളിംഗ് ആവശ്യമാണ്.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):* ചോദ്യങ്ങൾ ചോദിക്കുന്നതിന് ഒരു പരിധിയുണ്ട്. സ്റ്റാറ്റിസ്റ്റിക്സ് ചോദിക്കാൻ പാടില്ലെന്നുണ്ട്. എന്നാൽ ഇവിടെ ചോദിക്കുന്ന ചോദ്യങ്ങളിൽ ബഹുഭൂരിപക്ഷവും സ്റ്റാറ്റിസ്റ്റിക്സാണ്. അങ്ങനെ സ്റ്റാറ്റിസ്റ്റിക്സ് കളക്ടു ചെയ്തുവരുമ്പോൾ വലിയ മിസ്റ്റേക്കുകൾ വരാറുണ്ട്. അതു പിന്നീട് കറക്ടു ചെയ്യണ്ടേ?

മി. സ്പീക്കർ: ഞാനും എന്റെ മുൻഗാമികളുമൊക്കെ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്, ചോദ്യങ്ങളുടെ എണ്ണം പരിമിതപ്പെടുത്തി, കഴിയുന്നതും കൃത്യമായി മറുപടി ലഭ്യമാക്കണമെന്ന്. അതേസമയത്ത്, സ്റ്റാറ്റിസ്റ്റിക്സ് ആകുമ്പോൾ ചില പ്രത്യേക സാഹചര്യങ്ങളിൽ തിരുത്തലുകൾ അനിവാര്യമായിട്ടുവന്നുവെന്നും വരാം. പക്ഷേ, കഴിയുന്നതും ഇത് ഒഴിവാക്കാൻ വേണ്ട നിർദ്ദേശം ഉദ്യോഗസ്ഥന്മാർക്ക് കർശനമായി കൊടുക്കേണ്ടതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇതൊന്നും ബോധപൂർവ്വം വരുന്നതല്ല. ഡിപ്പാർട്ടുമെന്റിൽനിന്നും ലഭിക്കുന്ന കണക്കനുസരിച്ചാണ് നമ്മൾ ഉത്തരം കൊടുക്കുന്നത്. കഴിഞ്ഞ നിയമസഭയിൽ ഞാൻ ചോദിച്ച ചോദ്യങ്ങൾക്ക് ഇപ്പോഴും എനിക്കു മറുപടി വന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly